**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 65** 18-09-2025 - ൽ മറുപടിയ്ക്ക്

**പട്ടികവർഗ്ഗക്കാർക്ക് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | **ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലക്ക് വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമ പ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെയും കൂടാതെ അതിദരിദ്രപട്ടികയിൽ ഉൾപ്പെട്ട ഭൂമിയും വീടും ആവശ്യമുള്ള കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും നൽകിവരുന്നു. അതിനുപുറമേ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നുണ്ട്.**<br><br>**ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെ 41,774 പേർക്കായി 51857.30 ഏക്കർ ഭൂമിയും 5609 പട്ടികവർഗ്ഗകുടുംബങ്ങൾക്ക് വീടും അനുവദിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്ന കുടുംബങ്ങൾക്ക് ഭവനം, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും, ജീവനോപാധികൾക്കുമുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.** |
| (ബി) | കഴിഞ്ഞ ഒൻപത് വർഷങ്ങൾക്കിടയിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എത്ര ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | **ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വനാവകാശ നിയമപ്രകാരം 4690 പേർക്ക് 6288.12 ഏക്കർ ഭൂമിയ്ക്ക് കൈവശാവകാശരേഖ നൽകി, 213 പേർക്ക് 48.28 ഏക്കർ റവന്യൂ ഭൂമി വിതരണം ചെയ്തു. ഭൂമി വാങ്ങി നൽകൽ പദ്ധതി പ്രകാരം 274 പേർക്ക് 149.05 ഏക്കർ ഭൂമി വിതരണം ചെയ്തു. ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 388 പേർക്ക് 68.52 ഏക്കർ ഭൂമി വിതരണം ചെയ്തു. നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതി പ്രകാരം 3426 പേർക്ക് 2106.21 ഏക്കർ ഭൂമി** |

| | | | |
|---|---|---|---|
| | | | **വിതരണം ചെയ്തു. പ്രളയ പുനരധിവാസ പദ്ധതി പ്രകാരം 171 പേർക്ക് 20.47 ഏക്കർ ഭൂമി വിതരണം ചെയ്തു. ഇത്തരത്തിൽ കഴിഞ്ഞ ഒൻപത് വർഷങ്ങൾക്കിടയിൽ ആകെ 9162 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 8680.65 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.** |
| (സി) | ഈ കാലയളവിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എത്ര ഏക്കർ ഭൂമിക്ക് വനാവകാശ പട്ടയം ലഭിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണെങ്കിൽ നൽകാമോ? | (സി) | **ഈ കാലയളവിൽ 4690 പേർക്ക് 6288.12 ഏക്കർ ഭൂമിയ്ക്കുള്ള വനാവകാശ പട്ടയം/കൈവശാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

*65

## അനുബന്ധം - 1

തിരുവനന്തപുരം ജില്ലയിലെ വിതുര പഞ്ചായത്തിലെ ചെറ്റച്ചലിൽ ഭൂമിയ്ക്കായി രണ്ട് പതിറ്റാണ്ടായി നടത്തിവന്നിരുന്ന സമരം അവസാനിപ്പിക്കുകയും വനാവകാശ നിയമ പ്രകാരം **33 കുടുംബങ്ങൾക്ക്** 20 സെന്റ് മുതൽ **50** സെന്റ് വരെയുള്ള ഭൂമിയ്ക്ക് കൈവശാവകാശരേഖ നൽകുകയും ചെയ്തു. **ഇത്തരത്തിൽ ഭൂരഹിതരില്ലാത്ത ജില്ലയായി തിരുവനന്തപുരം ജില്ല മാറി.**

- കൊല്ലം ജില്ലയിലെ അച്ചൻകോവിലിൽ വർഷങ്ങളായി ഷെഡിൽ താമസിച്ചു വന്നിരുന്ന **12 മലമ്പണ്ടാര കുടുംബങ്ങൾക്ക് 12.5** സെന്റ് വീതം ഭൂമി ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വാങ്ങി നൽകി.
- **പത്തനംതിട്ട ജില്ലയിലെ നൊമാഡിക് വിഭാഗക്കാരായ 37 മലമ്പണ്ടാര കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം വനാവകാശ നിയമ പ്രകാരം കൈവശാവകാശരേഖ നൽകി. ഈ വിഭാഗത്തിലെ 31** കുടുംബങ്ങൾക്ക് കൂടി ഭൂമി നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.
- തൃശ്ശൂർ ജില്ലയിൽ **ചിമ്മിനി** ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് കള്ളിചിത്രമലയിൽ നിന്നും കുടിയിറക്കപ്പെട്ട കള്ളിചിത്ര നടാംപാടം കോളനിയിലെ **17** കുടുംബങ്ങൾക്ക് ചാലക്കുടി താലൂക്കിൽ മുപ്ലിയം വില്ലേജിൽ **7.50 ഏക്കർ ഭൂമി വിതരണം ചെയ്തു.**
- മുത്തങ്ങ സമരത്തിൽ പങ്കെടുത്തതും ഭൂമി അനുവദിക്കേണ്ടതുമായ **37** കുടുംബങ്ങൾക്കു കൂടി ഒരേക്കർ വീതം ഭൂമി അനുവദിച്ചു.
- **മലപ്പുറം ജില്ലയിൽ ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്രാനുമതി പ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽ 37** ഹെക്ടർ ഭൂമി കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- തൃശ്ശൂർ ജില്ലയിലെ ഒളകരയിൽ പതിറ്റാണ്ടുകളായുള്ള ഉന്നതി നിവാസികളുടെ ഭൂമിയ്ക്കായുള്ള കാത്തിരിപ്പ് അവസാനിപ്പിച്ച് **44 കുടുംബങ്ങൾക്ക് വനാവകാശ നിയമ പ്രകാരം 1.5 ഏക്കർ വീതം ഭൂമിയ്ക്ക് വ്യക്തിഗത അവകാശം നൽകി.**

സെക്ഷൻ ഓഫീസർ